# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂത്തൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P 11)680/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂത്തൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P 11)680/2022. തീയ്യതി: 05/07/2022

## തൃശ്ശൂർ ജില്ലയിലെ പൂത്തുര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പൂത്തുര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 20-04-2022 | 04-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-04-2022 | 04-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ വി പി ഷോബി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീ പി ജി സദാനന്ദൻ, ഓഡിറ്റ് ഓഫീസർ

ശ്രീമതി പി എ പ്രവിദ, അസി.ഓഡിററ് ഓഫീസർ

ശ്രീ സ്റ്റാൻലി പി എസ്, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി സുനിത ആർ, സീ.ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി മിനി ഉണ്ണിക്കൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്ഹോക് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 20-12-2020 |
| ശ്രീമതി മിനി ഉണ്ണിക്കൃഷ്ണൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ മധുരാജ് | സെക്രട്ടറി | 01-04-2020 | 29-05-2020 |
| ശ്രീ സുബ്രഹ്മണ്യൻ ആർ | സെക്രട്ടറി-ഇ**ൻ**-ചാ**ർ**ജ്ജ് | 30-05-2020 | 17-06-2020 |
| ശ്രീമതി രമാദേവി പി | സെക്രട്ടറി | 18-06-2020 | 30-09-2020 |
| ശ്രീ സുബ്രഹ്മണ്യൻ ആർ | സെക്രട്ടറി-ഇ**ൻ**-ചാ**ർ**ജ്ജ് | 01-10-2020 | 14-10-2020 |
| ശ്രീമതി രമാദേവി പി | സെക്രട്ടറി | 15-10-2020 | 16-12-2020 |
| ശ്രീ സുബ്രഹ്മണ്യൻ ആർ | സെക്രട്ടറി-ഇ**ൻ**-ചാ**ർ**ജ്ജ് | 17-12-2020 | 31-01-2021 |
| ശ്രീമതി സി വി ശ്യാമള | സെക്രട്ടറി-ഇ**ൻ**-ചാ**ർ**ജ്ജ് | 01-02-2021 | 04-02-2021 |
| ശ്രീമതി കെ ബിന്ദു | സെക്രട്ടറി | 05-02-2021 | 05-03-2021 |
| ശ്രീമതി സി വി ശ്യാമള | സെക്രട്ടറി-ഇ**ൻ**-ചാ**ർ**ജ്ജ് | 06-03-2021 | 18-03-2021 |
| ശ്രീ ജയകൃഷ്ണൻ സി ജി | സെക്രട്ടറി | 19-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി ലാലിമ്മ ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2020 | 03-07-2020 |
| ശ്രീമതി ശ്രുതി പി ഡി | കൃഷി ഓഫീസർ | 04-07-2020 | 13-09-2020 |
| ശ്രീ അനിൽകുമാർ | കൃഷി ഓഫീസർ | 14-09-2020 | 31-03-2021 |
| ശ്രീ ജെപി ചിരിയങ്കണ്ടത്ത് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ ജിനോ ജോസ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ ആർ സ്മിത | മെഡിക്കൽ ഓഫീസർ, ജി എ ഡി | 01-04-2020 | 31-03-2021 |
| ഡോ സീമ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 26-01-2021 |
| ഡോ നീന | മെഡിക്കൽ ഓഫീസർ, ഹോമിയോ | 27-01-2021 | 31-03-2021 |
| ശ്രീമരി സുജ ജോർജ്ജ് സി | അസിസ്റ്റന്റ് എഞ്ചിനീയർ,എൽ എസ് ജി ഡി സെക്ഷൻ | 01-04-2020 | 31-03-2021 |
| ശ്രീമതി രമണി കെ വി | ഹെഡ്മിസ്ട്രസ്സ്,ജി ജെ ബി എസ്,മതിക്കുന്ന് | 01-04-2020 | 31-05-2020 |
| ശ്രീമതി മേരി സണ്ണി | ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ പി സ്കൂൾ, ചെറുകുന്ന് | 01-06-2020 | 31-03-2021 |
| ശ്രീമതി റഹീന | വി ഇ ഒ,മരത്താക്കര സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി സുധ പി വി | വി ഇ ഒ, പുത്തൂർ സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി എമി ആനി ഐസക് | വി ഇ ഒ,മാന്നാമംഗലം സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി ആൻസി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 20-07-2020 |
| ശ്രീമതി ദീപ്തി | ഐ സി ഡി എസ് സൂപ്പർവൈസർ | 21-07-2020 | 10-11-2020 |
| ശ്രീമതി ബിൻസി ജോസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 11-11-2020 | 31-03-2021 |
| ശ്രീ സുബ്രഹ്മണ്യൻ ആർ | അസി.സെക്രട്ടറി | 01-04-2020 | 31-01-2021 |
| ശ്രീമതി സി വി ശ്യാമള | അസിസ്റ്റന്റ് സെക്രട്ടറി | 01-02-2021 | 07-03-2021 |
| ശ്രീമതി ചിത്ര എ പി | അസിസ്റ്റന്റ് സെക്രട്ടറി | 08-03-2021 | 12-03-2021 |
| ശ്രീമതി സി വി ശ്യാമള | അസിസ്റ്റന്റ് സെക്രട്ടറി | 13-03-2021 | 31-03-2021 |
| ശ്രീ മഹേഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 07-07-2020 |
| ശ്രീമതി സുഷമ സി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 08-07-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: P.A.Pravida (Audit Officer, On 10-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 12-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: P.A.Pravida (Audit Officer, On 10-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 12-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sunitha.R (Senior Grade Auditor, On 10-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sunitha.R (Senior Grade Auditor, On 10-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shobby.V.P (Audit Officer, On 10-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: P.A.Pravida (Audit Officer, On 10-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Dhanya.A (Auditor, On 10-05-2022)<br>Last Updated By: Dhanya.A (Auditor, On 10-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-9 |
| 10 | റേഷ്യോസ് ഉൾപ്പെടുത്തിയില്ല<br>Written By: P.A.Pravida (Audit Officer, On 30-04-2022)<br>Last Updated By: P.A.Pravida (Audit Officer, On 30-04-2022) | 1-11 |
| 11 | സഞ്ചയ, സാംഖ്യ തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Dhanya.A (Auditor, On 30-04-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-12 |
| 12 | അക്രൂവൽ രേഖപ്പെടുത്തലുകൾ യഥാസമയം വരുത്തുന്നില്ല<br>Written By: P.A.Pravida (Audit Officer, On 30-04-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-13 |
| 13 | വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Dhanya.A (Auditor, On 30-04-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-14 |
| 14 | മുൻകൂർ വരുമാനം-രജിസ്റ്ററിൽ ഇല്ല<br>Written By: Dhanya.A (Auditor, On 30-04-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-15 |
| 15 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Dhanya.A (Auditor, On 30-04-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 1-16 |
| 16 | Prior Period Item -വർക്ക് ഷീറ്റ് ,ജേണൽ ഇല്ല<br>Written By: P.A.Pravida (Audit Officer, On 30-04-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-17 |
| 17 | ജേണൽ എൻട്രികൾക്ക് ആധികാരികമായ വൗച്ചറുകളില്ല<br>Written By: P.A.Pravida (Audit Officer, On 30-04-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 1-18 |

| | | |
|---|---|---|
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Dhanya.A (Auditor, On 30-04-2022)<br>Last Updated By: Dhanya.A (Auditor, On 30-04-2022) | 1-19 |
| 19 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല<br>Written By: P.A.Pravida (Audit Officer, On 30-04-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 1-20 |
| 20 | ഡിപ്രിയിസേഷൻ-ജേണൽ വൗച്ചർ ഹാജരാക്കിയില്ല<br>Written By: P.A.Pravida (Audit Officer, On 30-04-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 1-21 |
| 21 | തൊഴിലുറപ്പ്പദ്ധതി-കാഷ്ബുക്കും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Dhanya.A (Auditor, On 30-04-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-22 |
| 22 | സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ കണക്കിൽ വ്യത്യാസം<br>Written By: P.A.Pravida (Audit Officer, On 30-04-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-23 |
| 23 | ACR സൂക്ഷിച്ചിട്ടില്ല<br>Written By: Dhanya.A (Auditor, On 30-04-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-24 |
| 24 | ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല<br>Written By: Dhanya.A (Auditor, On 30-04-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-25 |
| 25 | വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Dhanya.A (Auditor, On 30-04-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-26 |
| 26 | Capital Work In Progress-ശീർഷകത്തിൽ തുക ചേർത്തിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 30-04-2022)<br>Last Updated By: Dhanya.A (Auditor, On 09-05-2022) | 1-27 |
| 27 | Development Fund(General) -വാർഷികകണക്കും എ സി ആറും പൊരുത്തപ്പെടുന്നില്ല<br>Written By: P.A.Pravida (Audit Officer, On 30-04-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-28 |
| 28 | ട്രേഡ്സ് തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Dhanya.A (Auditor, On 09-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-29 |
| 29 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് - അപാകതകൾ<br>Written By: Dhanya.A (Auditor, On 09-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-30 |
| 30 | പ്രളയാവശിഷ്ടം ലേലം- തുക മുഴുവനും ഈടാക്കാതെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് ഉത്തരവിടുകയും പാസ്സ് നൽകുകയും ചെയ്തു<br>Written By: Dhanya.A (Auditor, On 10-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-31 |
| 31 | എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 09-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-32 |
| 32 | പട്ടികജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്<br>Written By: Sunitha.R (Senior Grade Auditor, On 10-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-33 |
| 33 | എസ് എസ് എ വിഹിതം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 10-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-34 |
| 34 | എസ്.എസി കുട്ടികൾക്ക്പഠനോപകരണങ്ങൾ-രേഖകൾ ഹാജരാക്കിയില്ല- | 1-35 |

| | | |
|---|---|---|
| | 169396/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sunitha.R (Senior Grade Auditor, On 10-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | |
| 35 | എസ്.സി വദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -ഒരു ലാപ്ടോപ്പ് നഷ്ടപ്പെട്ടു<br>Written By: Sunitha.R (Senior Grade Auditor, On 10-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-36 |
| 36 | എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 10-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-37 |
| 37 | സ്മാർട്ട് ക്ലാസ് റൂം ഫർണിച്ചർ-രേഖകൾ ഹാജരാക്കിയില്ല. 16,00,000/-രൂപ തടസ്സം<br>Written By: Sunitha.R (Senior Grade Auditor, On 10-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-38 |
| 38 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-39 |
| 39 | HMC- പ്രൈമറി ഹെൽത്ത് സെന്റർ ,തൃക്കൂർ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 05-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-40 |
| 40 | തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷം - കുടുംബശ്രീ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: P.G.Sadanandan (Audit Officer, On 09-05-2022)<br>Last Updated By: Dhanya.A (Auditor, On 10-05-2022) | 1-41 |
| 41 | എസ് സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - ബ്ലോക്കിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 09-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-42 |
| 42 | ഐ സി ഡി എസ് പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: P.A.Pravida (Audit Officer, On 04-05-2022)<br>Last Updated By: Dhanya.A (Auditor, On 10-05-2022) | 1-43 |
| 43 | ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-44 |
| 44 | തൊഴിലുറപ്പ് പദ്ധതി --ആദായ നികുതിയിനത്തിൽ ₹ 18080--ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-45 |
| 45 | റോഡു പ്രവൃത്തികൾക്ക് 5% ന് പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-46 |
| 46 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-47 |
| 47 | പ്രൊജ.നം. 417/20-21 സുജലം-സുഫലം-തോടുകൾ ചിറകൾ കായൽ എന്നിവിടങ്ങളിൽ ചണ്ടിയും ചളിയും യന്ത്രം ഉപയോഗിച്ച് നീക്കം ചെയ്യൽ---ജി.എസ്.ടി ഇനത്തിൽ ₹ 78793- അനാവശ്യ ചെലവ്<br>Written By: Shobby.V.P (Audit Officer, On 05-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 1-48 |

| | | |
|---|---|---|
| 48 | പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - മണലിപ്പുഴയിൽ നിന്നും നീക്കം ചെയ്ത മണ്ണ് ലേലം ചെയ്തതിലെ അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 11-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-49 |
| 49 | എ ബി സി പ്രോഗ്രാം - കൈപ്പറ്റ് രസീത്, വിനിയോഗ വിവരം എന്നിവ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: P.G.Sadanandan (Audit Officer, On 11-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 11-05-2022) | 1-50 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 12-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം (തൻ വർഷ ചെലവുകൾ)<br>Written By: Dhanya.A (Auditor, On 11-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (തൻ വർഷ ചെലവുകൾ)<br>Written By: Sunitha.R (Senior Grade Auditor, On 11-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sunitha.R (Senior Grade Auditor, On 11-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 11-05-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sunitha.R (Senior Grade Auditor, On 11-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sunitha.R (Senior Grade Auditor, On 11-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 11-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sunitha.R (Senior Grade Auditor, On 11-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 11-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sunitha.R (Senior Grade Auditor, On 11-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sunitha.R (Senior Grade Auditor, On 11-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 11-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunitha.R (Senior Grade Auditor, On 11-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sunitha.R (Senior Grade Auditor, On 11-05-2022)<br>Last Updated By: N Satheesan (Deputy Director, On 05-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 24.3.2020, തീരുമാനം 1 ( 1 ) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 494681200- | 49172810- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 31.03.2021തീരുമാനം2 (1 ) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 683314722- | 679083950- |

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു

(I)ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

( Ii) സ.ഉ (ആർ.റ്റി) 3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

( Iii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തീയതി | ലഭിക്കേണ്ട തീയതി |
|---|---|
| 5.04.2022 | 31-7-2020 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 57134288 |
| വരവ് | 147142233 |
| ആകെ | 204276521 |
| ചെലവ് | 170541472 |
| നീക്കിയിരിപ്പ് | 33735049 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 27566420 | 27109293 | 457127 |
| വികസനഫണ്ട്-എസ് സി പി | 16068359 | 12743520 | 3324839 |
| വികസനഫണ്ട്-ടി എസ് പി | 1014658 | 496248 | 518410 |
| മെയിന്റനൻസ്-റോഡ് | 20706000 | 12322930 | 8383070 |
| മെയിന്റനൻസ്-റോഡിതരം | 7769613 | 7769613 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ് | 22272824 | 9701315 | 12571509 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 10780000 | 2049362 | 8730638 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 405 | 37745925 | 233 | 16283811 | 186 | 160 | 24.69 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1 | 1072533 | 1072534 | 1072534 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36543668 | 36543668 | 36543668 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 9926000 | ലഭ്യമല്ല |
| വിധവാ പെൻഷൻ | 34723900 | ലഭ്യമല്ല |
| വാർദ്ധക്യകാലപെൻഷൻ | 57671900 | ലഭ്യമല്ല |
| വികലാംഗപെൻഷൻ | 8069500 | ലഭ്യമല്ല |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3284900 | ലഭ്യമല്ല |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-04-2022 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,932/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ശരാശരി നിലവാരം പുലർത്തുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളിൽ വിവിധ പ്രവൃത്തികളുടെ പേരു വിവരങ്ങൾ സുവ്യക്തമായി എഴുതുന്നില്ല.ആഭ്യന്തര നിയന്ത്രണം ഉറപ്പ് വരുത്തുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-11 റേഷ്യോസ് ഉൾപ്പെടുത്തിയില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-12 സഞ്ചയ, സാംഖ്യ തുകകൾ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 37,45,949 | 29,63,357 | 1,18,339 | 6,68,150 |

| | | | | |
|---|---|---|---|---|
| | 37,45,949 | 29,73,819 | 1,03,980 | *6,68,150 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( 7,02,401/105X100)= 668953 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 55,53,410 | 47,22,222 | 78,246 | 7,60,726 |
| | 55,50,570 | 47,11,639 | 78,205 | *7,60,885 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *( 7,98,929 /105X100)= 760885 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15),(ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 7,35,025 | 3,29,100 | 4,06,686 |
| | *681894 | 3,28,339 | **4,08,057 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3,52,003 +3,63,986 =7,15,989/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4,28,460 /105X100)=408057 (ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 18,83,537 | 8,28,054 | 10,56,367 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 17,22,776 | 8,27,056 | 10,56,367 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(6,18,189+ 11,90,726= 18,08,915/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(1109547/105X100) =1056711 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.4. 1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21വർഷത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്തിൽ 211 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.5 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 4,45,103/--രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 4,45,960/-രൂപയുമാണ്. വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല .

2.6 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4038 | 1936845 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 8587 | 435805 |

2.7തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 1,45,263/-രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.7.1 റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| | 42000370 | 01.04.2020 | 79,439 |

2.7.2 നോൺ-റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| | 42000370 | 01.04.2020 | 65,824 |

## 1-13 അക്രൂവൽ രേഖപ്പെടുത്തലുകൾ യഥാസമയം വരുത്തുന്നില്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 2,68,540 | 22.07.2020 | 42000054 |
| 2. | Profession Tax(Institutions/traders Etc) | 110200101-Profession Tax(Institutions/traders Etc) | 4,67,000 | 22.07.2020 | 42000053 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-15 മുൻകൂർ വരുമാനം-രജിസ്റ്ററിൽ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | വാടക | 350410401-Advance Collection Of Revenues-Rent From Buildings | 1271 |

## 1-16 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-17 Prior Period Item -വർക്ക് ഷീറ്റ് ,ജേണൽ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 90505 |
| 280100104-Prior Period Income-Property Tax On Nonresidential Buildings | (161171) |
| 280200102-Prior Period Income-Profession Tax Traders | (40580) |
| 280200401-Prior Period Income-Other Income | 41999 |

| | |
|---|---|
| 280800101-Prior Period Expenses -Establishment Expenses | (256) |
| 280800701-Prior Period- Miscellaneous Expenses | (2331) |

## 1-18 ജേണൽ എൻട്രികൾക്ക് ആധികാരികമായ വൗച്ചറുകളില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-20 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,33,99,239/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,88,87,078/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-21 ഡിപ്രിയിസേഷൻ-ജേണൽ വൗച്ചർ ഹാജരാക്കിയില്ല

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 1,26,76,268/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല.

## 1-22 തൊഴിലുറപ്പ്പദ്ധതി-കാഷ്ബുക്കും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 3,65,43,668/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 24,89,696/- രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | പുത്തൂർ പ്രദേശത്ത് റോഡ് കോൺക്രീറ്റിംഗ് | 2,24,557 |
| 2 | കല്ലുംകുന്ന് റോഡ് കോൺക്രീറ്റിംഗ് | 3,02,987 |
| 3 | കാഞ്ഞാണിതോപ്പ് അംഗനവാടി റോഡ് കോൺക്രീറ്റിംഗ് | 3,00,700 |
| 4 | ചെമ്പംകണ്ടം പ്രദേശത്ത് റോഡ് കോൺക്രീറ്റിംഗ് | 3,66,532 |
| 5 | മരത്താക്കര പ്രദേശത്ത് റോഡ് കോൺക്രീറ്റിംഗ് | 1,93,740 |
| 6 | മരോട്ടിച്ചാൽ റോഡ് കോൺക്രീറ്റിംഗ് | 3,80,294 |
| 7 | മാന്ദാമംഗലം പ്രദേശത്ത് ഗ്രാമീണ റോഡ് കോൺക്രീറ്റിംഗ് റീച്ച് 2 | 3,55,686 |
| 8 | ഏഴാംകല്ല് ഗാന്ധി നഗർ റോഡ് കോൺക്രീറ്റിംഗ് | 3,65,200 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 24,89,696/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 24,86,696/-രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-23 സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ കണക്കിൽ വ്യത്യാസം

സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള (I-6) തുകകളും ധനകാര്യവകുപ്പിന്റെ Direct Beneficiary Transfer (DBT) റിപ്പോർട്ട് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

| ശീർഷകം | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (I-6)പ്രകാരം | (DBT) റിപ്പോർട്ട് പ്രകാരം |
|---|---|---|
| Old Age Pension | 5,76,71,900 | 7,15,57,900 |
| Pension For Agricultural Workers | 99,26,000 | 1,20,02,900 |
| Destitute/Widow Pension | 3,47,23,900 | 4,28,35,600 |
| Pension For Unmarried Women Aged Above 50 | 32,84,900 | 40,06,900 |
| Pension For Physically/Mentally Challenged | 80,69,500 | 99,14,300 |

## 1-24 ACR സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന ഫണ്ടുകളുടെ വിവരം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്രമ നം | ഇനം | 31.03.2021 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | Centrally Sponsored Scheme -Total Sanitation Campaign | 65,796 |
| 2 | Literacy Scheme Grant | 1,00,000 |
| 3 | Grant From Suchithwa Mission | 64,00,134 |
| 4 | Nirmal Puraskar | 1,27,400 |

## 1-25 ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയിട്ടില്ല.

| ക്ര.ന | ബാങ്ക് | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്(31.03.2021) |
|---|---|---|
| 1 | Puthur Service Co Operative Bank(own Fund-2919) | 1009 |
| 2 | Puthur Service Co Operative Bank-other 9316 | 1051 |
| 3 | Puthur Service Co Operative Bank-MN Lakshamveedu | 7,08,038 |
| 4 | SBT Plan-9286 | 1,46,717 |

ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകളാണെങ്കിൽ ആയത് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വായ്പ ഇനത്തിൽ 31/3/2021 ൽ 1,18,95,896/-രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-27 Capital Work In Progress-ശീർഷകത്തിൽ തുക ചേർത്തിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ടുകളിൽ 31.03.2021 വരെ പാർട്ട് ബിൽ നൽകിയതും എന്നാൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുണ്ടെങ്കിലും Capital Work In Progress എന്ന ശീർഷകത്തിൽ തുകയൊന്നും ചേർത്തിട്ടില്ല.

## 1-28 Development Fund(General) -വാർഷികകണക്കും എ സി ആറും പൊരുത്തപ്പെടുന്നില്ല

Development Fund(General) ഇനത്തിൽ വാർഷികകണക്കുപ്രകാരമുള്ള (RP 7) ചെലവ് 2,71,54,293/- രൂപയാണ്. എന്നാൽ ACR പ്രകാരം ചെലവ് 2,71,09,293/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-29 ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് ചുവടെ ചേർത്തിരിക്കും പ്രകാരമാണ്.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| തൻവർഷം | 438380 | 438380 | 0 |
| കുടിശ്ശിക | - | 28080 | 0 |

2019-20 വാർഷിക കണക്കിൽ B-15 പ്രകാരം തൊഴിൽ നികുതി- ട്രേഡേഴ്സ് ഇനത്തിൽ കുടിശ്ശികയില്ല. .എന്നാൽ 2020-21 വർഷത്തിൽ RP-43 പ്രകാരം തൊഴിൽ നികുതി- ട്രേഡേഴ്സ് - കുടിശ്ശികയിനത്തിൽ 28080 രൂപ വരവുണ്ട്. പരിശോധനയ്ക്ക് ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ ലഭ്യമാക്കാതിരുന്നതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ37/30.04.2022)

## 1-30 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് - അപാകതകൾ

I) സഞ്ചയ പ്രകാരമുള്ള വാണിജ്യ/വ്യവസായ കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു

A)100 ച.മീ ന താഴെ തറവിസ്തീർണമുള്ളവ -1953

B)100 ച.മീ ന മുകളിൽ തറവിസ്തീർണമുള്ളവ -131

C)200 ച.മീ ന താഴെ തറവിസ്തീർണമുള്ളവ -6

D)200 ച.മീ ന മുകളിൽ തറവിസ്തീർണമുള്ളവ -35

E)അസംബ്ലി/കൺവെൻഷൻ സെന്റർ/ഓഡിറ്റോറിയം -6

F)വ്യവസായിക ആവശ്യത്തിനുള്ള കൈത്തറി ഷെഡ് -6

G)ഇതര വ്യവസായം -6

ആകെ -2143

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 631 സ്ഥാപനങ്ങൾക്കു ലൈസൻസ് നൽകിയിട്ടുണ്ട്. ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 634 സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ആകെ 2143 വാണിജ്യ/വ്യവസായ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ചിട്ടുള്ളതാണ്. ആയതിന്റെ മൂന്നിൽ ഒന്നിന് താഴെ മാത്രം വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ മാത്രമേ ട്രെഡേഴ്സ് ലിസ്റ്റിൽ വന്നിട്ടുള്ളൂ. ആയതിനാൽ തന്നെ ട്രെഡേഴ്സ് ലിസ്റ്റിൽ ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായിട്ടില്ല.

II) A)പഞ്ചായത്തിലെ ആകെ പൊതുവിതരണ കേന്ദ്രങ്ങൾ-14

B) കള്ളുഷാപ്പുകൾ -4

C) ക്ഷീരസംഘങ്ങൾ -3

മേൽ പറഞ്ഞവയിൽ മരോട്ടിച്ചാലിലെ 8/374 നമ്പർ കെട്ടിടത്തിലെ മാവേലി സ്റ്റോറും മാന്ദാമംഗലം ക്ഷീര സംഘവും മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതും തൊഴിൽ നികുതി അടവാക്കുന്നതും.

III) പഞ്ചായത്തിന്റെ കുരിശുമൂലയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സിലെ 14/210D മുറിയിലെ സ്ഥാപനത്തിനും, വെട്ടുകാട് ഷോപ്പിങ്ങ് കോംപ്ലക്സിലെ 11/427, മുറിയിലെ സ്ഥാപനത്തിനും മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്

മേൽ പറഞ്ഞിട്ടുള്ളതിൽ നിന്നും പഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. 'ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് എടുക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ-12/27.04.2022, 30/28.04.2022, 43/30.04.2022)

## 1-31 പ്രളയാവശിഷ്ടം ലേലം- തുക മുഴുവനും ഈടാക്കാതെ മണ്ണും ചെളിയും നീക്കം

ചെയ്യുന്നതിന് ഉത്തരവിടുകയും പാസ്സ് നൽകുകയും ചെയ്തു

ബഹു ജില്ലാകളക്ടറുടെ 4.03.2020 തിയതിയിലെ DCTCR/454/2020/H3 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുത്തൂർ ഗ്രാമ പഞ്ചായത്തിലെ പുഴയിലേയും തോടുകളിലേയും പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മണ്ണാവ് തോടിൽ നിന്നും നീക്കം ചെയ്ത 800.26 ക്യൂബിക്ക് മീറ്റർ/28272 ക്യൂബിക്ക് അടി/282.72 യൂണിറ്റ് മണ്ണ്( അസി.എഞ്ചിനീയറുടെ 8.05.2020 ലെ 7/AE/LSGD/PTR/2020-21 നമ്പർ വാലേഷൻ റിപ്പോർട്ട് പ്രകാരം) 12.05.2020 തിയ്യതിയിലെ 5/1 നമ്പർ ഭരണസമിതി തീരുമാന പ്രകാരം ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. 19.05.2020 തിയതിയിൽ എ2-3333/2020 നമ്പറായി ക്വട്ടേഷൻ/പുനർ ലേല നോട്ടീസ് പുറപ്പെടുവിക്കുകയും ആയതിൽ 1550/യൂണിറ്റ് നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച ശ്രീ.രമേഷ് വി ടി,വെണ്ടൂർ വീട് എന്നയാളുടെ ക്വട്ടേഷൻ 26.05.2020 തിയതിയിലെ 3/2 ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 1550 രൂപ നിരക്കിൽ 282.72 യൂണിറ്റ് മണ്ണിന് ടിയാൻ പഞ്ചായത്തിൽ അടവാക്കേണ്ടിയിരുന്നത് 43216+ 5%GST 21911 രൂപയാണ്. ലേലം /ക്വട്ടേഷൻ അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ചാലുടനെ 50% തുക പഞ്ചായത്തിൽ അടച്ച് ലേലം സ്ഥിരപ്പെടുത്തേണ്ടതും പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതും ബാക്കി തുക 3 ദിവസത്തിനകം അടവാക്കി നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കേണ്ടതുമാണെന്ന് ലേല പരസ്യത്തിൽ ഉപാധി വച്ചിട്ടുള്ളതാണ്. എന്നാൽ ടിയാൻ കരാർ വച്ചിട്ടില്ല. EMD ആയി 3000 രൂപയും മണ്ണിന്റെ വില ജി എസ് ടി ഉൾപ്പടെ 99750(95000+5% GST 4750=99750) രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. 25% തുക പോലും അടവാക്കാതെയാണ് മണ്ണാവ് തോടിന്റെ വശങ്ങളിൽ പഞ്ചായത്ത് നിക്ഷേപിച്ച പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്തു കൊണ്ടു പോകുന്നതിന് ടിയാന് അനുമതി നൽകിക്കൊണ്ട് 2.06.2020 തിയതിയിലെ എ2-3333/20 നമ്പർ പ്രകാരം സെക്രട്ടറി ഉത്തരവിട്ടത്. മഴമൂലം പ്രളയാവശിഷ്ടങ്ങൾ തിരികെ തോട്ടിലേക്ക് ഒഴുകിപ്പോകാതിരിക്കുന്നതിനും നഷ്ടം സംഭവിക്കാതിരിക്കുന്നതിനുമാണ് മണ്ണ് നീക്കം ചെയ്യുന്നതിന് ടിയാന് അനുമതി നൽകിയതെന്നും പരാതിയെ തുടർന്ന് ശ്രീ ഫ്രാൻസിസ് ചിറയത്ത് മുതൽപേർ ബഹു ഹൈക്കോടതി മുമ്പാകെ റിട്ട് ഫയൽ ചെയ്യുകയും പ്രവൃത്തി നിർത്തി വയ്ക്കുകയും ചെയ്തുവെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ 50/4.05.2022) മറുപടി നൽകിയത്. ശ്രീ രമേഷിൽ നിന്ന് ലേലത്തുക മുഴുവനും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-32 എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം എന്ന പ്രോജക്ട് താഴെ പറയും പ്രകാരം നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 310/21 |
| അടങ്കൽ (എസ്.സി.പി) | 139674 |
| ചെലവ് തുക | 139674 |
| ട്രഷറി ബിൽ നമ്പർ/തീയതി | 3/21.4.2020 |
| വാട്ടർ ടാങ്ക് സപ്ലൈ ചെയ്ത സ്ഥാപനം | സെൽസർ പോളിമേഴ്സ്, മുണ്ടൂർ |
| ഇൻവോയ്സ് നമ്പർ/തീയതി | 8036/SP/19-20 Dt.15.1.2020 |

ഒരു വാട്ടർ ടാങ്കിന് 2793.48 രൂപ പ്രകാരം 500 ലിറ്റർ കപ്പാസിറ്റിയുള്ള 50 ടാങ്കുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ആകെ 139674 രൂപയിൽ 75% തുകയായ 104756 രൂപ മാത്രമേ വികസനഫണ്ടിൽ നിന്നും നൽകാവൂ. ബാക്കി 34918 രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകിയതിനാൽ 34918 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. കൂടാതെ മേൽപറഞ്ഞ പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷ, കൈപ്പറ്റ് രസീത് എന്നിവയും ഓഡിറ്റിൽ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 27/27.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി പിന്നീട് വാങ്ങിയ വാട്ടർ ടാങ്കുകൾക്ക് ഗുണഭോക്തൃവിഹിതം അടവാക്കി എന്നാണ് അറിയിച്ചത്. മറുപടിക്ക് വ്യക്തതയില്ലാത്തതിനാൽ അധികം നൽകിയ തുക (34918 രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയിൽനിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. ഖണ്ഡികയിൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതുവരെ നിരാകരിച്ച തുക കഴിച്ച് ബാക്കി 104756 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 പട്ടികജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥ: ഹെഡ്മിസ്ട്രസ്, ജി എൽ പി എസ്, ചെറുകുന്ന്

പ്രോജ്കട് 32/20-21

വൗച്ചർ നം 22001763/27.3.21തുക -215000

വൗച്ചർ നം 22001764/27.3.21തുക -20000

മേൽ പദ്ധതി പ്രകാരം 11 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ച നൽകിയിട്ടുണ്ട്. പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താകൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്

## 1-34 എസ് എസ് എ വിഹിതം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥ :ഹെഡ്മിസ്ട്രസ്

| | | |
|---|---|---|
| 1 | പ്രോജ്കട് നമ്പർ | So288/20-21 |

| | | |
|---|---|---|
| | ചെലവ് | 146176/-രൂപ ,വൗച്ചർ നം 22000785/12.4.20 |
| 2 | പ്രോജ്കട് നമ്പർ | 2/20-21 |
| | ചെലവ് | 600000/-രൂപ ,വൗച്ചർ നം 22001286/15.10.20 |

2020-21 വർഷം എസ് എസ് എ ക്ക് ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി മേൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. തുക വിനിയോഗിച്ച് ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

## 1-35 എസ്.എസി കുട്ടികൾക്ക്പഠനോപകരണങ്ങൾ-രേഖകൾ ഹാജരാക്കിയില്ല- 169396/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ: ഹെഡ്മിസ്ട്രസ് ,ജി ഐ ബി എസ്, മതിക്കുന്ന്

പ്രോജ്കട്: 1-10വരെ ക്ലാസ്സുകളിലെ എസ്.എസി കുട്ടികൾക്ക് പഠനോപകരണങ്ങൾ

പ്രോജ്കട് നമ്പർ : SO277/20-21

വൗച്ചർ നം .22000794/12.4.20, തുക -169396

മേൽ പ്രൊജക്റ്റ് പ്രകാരം രാജധാനി ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 42ചെയറുകളും 42 ടേബിളുകളും വാങ്ങി എസ്.എസി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയില്ല

1.ഗുണഭോക്തൃ ലിസ്റ്റ്

2. ഫർണിച്ചർ വാങ്ങലുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചതുമായ രേഖകൾ

3.സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ്

4.പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം

മേൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/26.4.2022) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 169396/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 എസ്.സി വദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -ഒരു ലാപ്ടോപ്പ് നഷ്ടപ്പെട്ടു

നിർവ്വഹണ ഉദ്യോഗസ്ഥ: ഹെഡ്മിസ്ട്രസ്, ജി എൽ പി എസ്, ചെറുക്കുന്ന്.

പ്രോജ്കട് -110/20-21

വൗച്ചർ നം 22001669/18.3.21, തുക -2,84,040

പദ്ധതി പ്രകാരം മേൽ തുക കേരള ഐടി മിഷന് കൈമാറിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

എ)കേരള ഐടി മിഷനിൽ നിന്നുള്ള ബിൽ/പ്രൊഫോർമ ഇൻവോയ്സ് ഫയലിൽ ലഭ്യമാക്കിയില്ല.

ബി) വിതരണ സ്ഥാപനം Acer ഹാജരാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരം ( ഇൻവോയ്സ് നം. PYS121034172/10.6.21) 10 ലാപ്ടോപ്പുകൾക്ക് ചെലവ് തുക 2,61,818 രൂപയാണ്. അധിക തുക 22,222/- രൂപ (2,84,040- 2,61,818) കേരള ഐടി മിഷന് അനുവദിച്ചിട്ടുണ്ട്.ആയത് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) കേരള ഐടി മിഷനുമായി കരാറിലേർപ്പെട്ടില്ല.

ഡി) ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം

ഇ) കേരള ഐടി മിഷന് തുക കൈമാറിയതിന്റെ യു.ടി.ആർ/ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല.

എഫ്) അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം (പേജ് 35,36,37) 9 പേർക്കാണ് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുള്ളത് .ഒരെണ്ണം വിതരണം ചെയ്തിട്ടില്ല.

എസ്.സി വദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി 12.10.21 ന് 10ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്ന് വാങ്ങി എണ്ണി തിട്ടപ്പെടുത്തി സെർവർ റൂമിൽ സൂക്ഷിച്ചിരുന്നതായും 27.10.21 ന് 9 ലാപ്ടോപ്പുകളേ ഉണ്ടായിരുന്നുള്ളൂ വെന്നും ഒരെണ്ണം നഷ്ടപ്പെട്ടതായി ഹെഡ്മിസ്ട്രസ് 27.10.21 ന് സെക്രട്ടറിക്ക് പരാതി നൽകിയിട്ടുണ്ട്. പരാതിയിന്മൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. പരാതിയുടെ നിജസ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 34/29.4.2022) മറുപടി ലഭ്യമാക്കിയില്ല. ലാപ്ടോപ്പ് നഷ്ടപ്പെട്ടതു സബന്ധിച്ച വിഷയത്തിന്മേൽ സമഗ്രമായ ഒരന്വേഷണം നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

മേൽ അപാകതകളുള്ളതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക(₹284040) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -രേഖകൾ ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ: ഹെഡ്മിസ്ട്രസ്, ജി എൽ പി എസ്, ചെറുകുന്ന്

പ്രോജ്കട് നം-262/20-21

പ്രോജ്കട് -എസ്.ടി വദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

ചെലവു തുക -56808

വൗച്ചർ നം /തിയതി-22001668/18.3.21

പദ്ധതി പ്രകാരം മേൽ തുക കേരള ഐടി മിഷന് കൈമാറിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

എ)കേരള ഐടി മിഷനിൽ നിന്നുള്ള ബിൽ/പ്രൊഫോർമ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല.

ബി) വിതരണ സ്ഥാപനം Acer ഹാജരാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരം ( ഇൻവോയ്സ് നം. PYS121034173/10.6.21) 2 ലാപ്ടോപ്പുകൾക്ക് ചെലവ് തുക 52363 രൂപയാണ്. അധിക തുക 4445 രൂപ (56808- 52363) കേരള ഐടി മിഷന് അനുവദിച്ചിട്ടുണ്ട്. ആയത് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) കേരള ഐടി മിഷനുമായി കരാറിലേർപ്പെട്ടില്ല.

ഡി) ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഇ) തുക കൈമാറിയതിന്റെ യു.ടി.ആർ/ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/26.4.2022) മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക (₹56808) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 സ്മാർട്ട് ക്ലാസ് റൂം ഫർണിച്ചർ-രേഖകൾ ഹാജരാക്കിയില്ല. 16,00,000/- രൂപ തടസ്സം

നിർവ്വഹണ ഉദ്യോഗസ്ഥ: ഹെഡ്മിസ്ട്രസ്, ജി എൽ പി എസ്, ചെറുകുന്ന്

| ക്രമ നം | പ്രോജക്റ്റ് | വൗച്ചർ നം/തിയതി | തുക /തുക കൈമാറിയത്. | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 528/20-21<br>ഗവ. സ്കൂളുകളിലേക്ക് സ്മാർട്ട് ക്ലാസ് റൂം ഫർണിച്ചർ | 22001778/29.3.21 | 6,00,000<br>ആർട്കോ | ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. |
| 2 | 216/20-21<br>ഗവ. എൽ പി സ്കൂളുകളിലേക്ക് സ്മാർട്ട് ക്ലാസ് റൂം ഫർണിച്ചർ | 22001302/10.11.20<br>22001667/18.3.21<br>22001289/28.10.20 | 3,61,105<br>38,895<br>6,00,000<br>സിഡ്കോ | ഫർണിച്ചർ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ,തുക കൈമാറിയതിന്റെ യു.ടി.ആർ/ കൈപ്പറ്റ് വിവരം,ആർട്ട്ക്കോയിൽ നിന്നുള്ള ഒറിജിനൽ ബിൽ എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| | | ആകെ | 16,00,000 | |

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/26.4.2022) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക(₹16,00,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

ലൈഫ് ഭവന പദ്ധതി (എസ്.സി), ലൈഫ് ഭവന പദ്ധതി (ജനറൽ) എന്നീ പദ്ധതികൾ പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റ് | ഗുണഭോക്താവിന്റെ പേരും | അനുവദിച്ച തുക |
|---|---|---|---|
| 1 | 251/20-21 | ബേബി സുമതി, തൈവളപ്പിൽ | 2,40,000 |
| 2 | 251/20-21 | കാർത്ത്യായനി, കുഴപ്പിള്ളി | 3,80,000 |
| 3 | 251/20-21 | തങ്ക കുട്ടപ്പൻ,തോണിപ്പാറ | 3,70,000 |
| 4 | 251/20-21 | ശാന്ത ചന്ദ്രൻ , മാന്ദാമംഗലം | 2,00,000 |
| 5 | 251/20-21 | സന്ധ്യാ ഗോപി,മുല്ലക്കൽ | 2,00,000 |
| 6 | 211/20-21 | ബിനോദ് ബാലൻ, പള്ളിയിൽ | 2,60,000 |
| 7 | 211/20-21 | അന്ന സുധീഷ്,തൈക്കുട് | 2,40,000 |
| 8 | 211/20-21 | ഷീബ ബാബു,മഠത്തിൽ പറമ്പിൽ | 3,50,000 |
| 9 | 211/20-21 | സോളി ബിജു, മേച്ചേരിപടി | 3,50,000 |
| 10 | 211/20-21 | സുകുമാരൻ പള്ളാശ്ശേരി | 3,00,000 |

ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം ഗുണഭോക്താവിന് അനുവദിച്ച തുക പിഴ പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 HMC- പ്രൈമറി ഹെൽത്ത് സെന്റർ ,തൃക്കൂർ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

( ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 22-4-2022 )

2010 ലെ കേരള പഞ്ചായത്ത് രാജ് ( പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ, സ.ഉ ( ആർ.റ്റി ) 3379 / 14 എച്ച്. എഫ് ഡബ്ളിയു.ഡി തി 3-12-04 എന്നിവയ്ക്കു വിധേയമായി രൂപം കൊടുത്തിട്ടുള്ള HMC 2015-16മുതൽ 2020-21 ഉൾപ്പടെയുള്ള സാമ്പത്തിക വർഷങ്ങളിലെ വരവ്/ചെലവു കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷം - കുടുംബശ്രീ നടപടികൾ സ്വീകരിക്കുന്നില്ല

5.5.2017-ലെ സ.ഉ.(സാധാ) നം.1450/17/തസ്വഭവ പ്രകാരം തെരുവ് നായ പ്രശ്നം പരിഹരിക്കുന്നതിനുള്ള എ.ബി.സി പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ഒരു നായയെ പിടിച്ച് വന്ധ്യംകരിച്ച് ആവശ്യമായ പരിചരണങ്ങൾക്കു ശേഷം നായയെ പിടിച്ച സ്ഥലത്ത് തന്നെ തിരിച്ച് കൊണ്ടുവിടുന്നതിനുള്ള ചെലവിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീക്ക് 2100 രൂപ വീതം നൽകി വരുന്നു.

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി യഥാക്രമം 120/20, 215/21 എന്നീ പ്രോജക്ടുകൾ പ്രകാരം ഈ ആവശ്യത്തിനായി 420000 (210000 X 2) രൂപ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ രണ്ടു വർഷങ്ങളിലും ഒരൊറ്റ നായയെ പോലും പിടിച്ച് വന്ധ്യംകരിച്ചിട്ടില്ല എന്ന് ഫയൽ പരിശോധനയിൽ മനസ്സിലാകുന്നു. 10.2.2020-ലെ എ2-1173/20 നമ്പർ കത്ത് പ്രകാരം പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ വിഷയത്തിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കത്തയച്ചിട്ടുള്ളതായി കാണുന്നു. അതനുസരിച്ച് പഞ്ചായത്തിലെ 18-ാം വാർഡിലെ സെന്റ് ജോസ് എ എൽ പി സ്കൂൾ പരിസരത്തും പള്ളിയിലും തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷമാണെന്നും കുട്ടികളെ ഉപദ്രവിക്കുന്നതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ പരാതിയോട് കുടുംബശ്രീ പ്രതികരിച്ചതായി കാണുന്നില്ല.

വർഷം തോറും എകദേശം 100 നായ്ക്കളെ പിടിച്ച് വന്ധ്യംകരിക്കുന്നതിനുള്ള തുക കുടുംബശ്രീക്ക് കൈമാറി വരുന്നു. നാളിതുവരെ പുത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും കുടുംബശ്രീ പിടിച്ച് വന്ധ്യംകരിച്ച നായ്ക്കളുടെ എണ്ണം സംബന്ധിച്ച ആധികാരികമായ കണക്ക് പഞ്ചായത്തിൽ ലഭ്യമാണോ എന്നും മേൽപറഞ്ഞ പരാതിയിൽ കുടുംബശ്രീ നടപടിയെന്തെങ്കിലും എടുത്തിട്ടുണ്ടോ എന്നും ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ടതിന് മറുപടിയായി കുടുംബശ്രീ ജില്ലാ മിഷന് ഓരോ സാമ്പത്തിക വർഷവും നൽകി വരുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം, രശീതി, വന്ധ്യംകരിച്ച നായ്ക്കളുടെ എണ്ണം എന്നിവ ലഭ്യമാക്കിയിട്ടില്ല എന്നും മേൽ സൂചിപ്പിച്ച പരാതിയിൽ മറുപടി ലഭ്യമാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.
എ ബി സി പരിപാടിയുടെ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ ഫലപ്രദമായ രീതിയിൽ തെരുവ് നായ ശല്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ബാധ്യസ്ഥമാണ്. കുടുംബശ്രീക്ക് ഈ ആവശ്യത്തിനായി നൽകിയ തുക ഇതേ ആവശ്യത്തിന് വിനിയോഗിക്കുന്നില്ല എങ്കിൽ നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-42 എസ് സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - ബ്ലോക്കിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ പ്രോജക്ട് നമ്പർ 15/21 പ്രകാരം എസ് സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി വികസനഫണ്ട് (എസ്.സി.പി)യിൽ നിന്നും 900000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പേര് | കൈപ്പറ്റിയ തുക | ട്രഷറി ബിൽ നമ്പർ/തീയതി |
|---|---|---|
| സുനിത ബാബു, മണ്ണായി വീട്, പൊന്നൂക്കര | 75000 | 11/18-9-2020 |
| കുട്ടൻ നന്തിക്കര, ചെന്നായ്പ്പാറ | 75000 | 10/17-8-2020 |
| കുമാരി രവി, കടങ്ങോട്ടയിൽ, മരത്താക്കര | 75000 | 10/17-8-2020 |
| വാസന്തി മച്ചിങ്ങൽ, മരത്താക്കര | 75000 | 10/17-8-2020 |
| ആകെ | 300000 | |

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 22/27.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ആയത് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക (₹3,00,000)തടസ്സപ്പെടുത്തുന്നു.

## 1-43 ഐ സി ഡി എസ് പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രൊജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

1. ബിൽ പെയ്മെന്റുകളുടെ UTR സ്റ്റേറ്റ്മെന്റുകൾ ഫയലുകളിൽ ലഭ്യമല്ല.

2. ഗ്രാമപഞ്ചായത്തിലെ 52 അങ്കണവാടികളുടെ 2022-23 വർഷത്തെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയില്ല.

3. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.10.2010 ലെ ICDS ബി 3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ 13.01.2021 ലെ Lr No.CD-1-24/2/202-US(e-90701) നമ്പർ കത്തിലും അമൃതം ന്യൂട്രിമിക്സ്, FSSAI രജിസ്ട്രേഷൻ ഉള്ള ലാബുകളിൽ പരിശോധന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അനുപൂരക പോഷകപരിപാടിയിലൂടെ വിതരണം ചെയ്ത ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

മേൽ വിവരങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (26/27.04.2022)നൽകിയ മറുപടി യിൽ UTR സ്റ്റേറ്റ്മെന്റുകൾ പ്രിന്റ് എടുത്ത് ഫയലുകളിൽ ഇടുന്നതാണെന്നും അങ്കണവാടികളുടെ 2020-21 വർഷത്തെ വരെയുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റുകൾ മാത്രമേ ലഭ്യമായുള്ളുവെന്നും അറിയിച്ചു. ന്യൂട്രിമിക്സ് സാമ്പിളുകളുടെ 2015 മുതലുള്ള പരിശോധനാറിപ്പോർട്ട് നഷ്ടപ്പെട്ടുവെന്നാണ് അറിയിച്ചത്. 2022-23 വർഷത്തെ സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും അറിയിച്ചു.
അങ്കണവാടികളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കുവാനും ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-44 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 1 തിയ്യതി 21-4-2022 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-45 തൊഴിലുറപ്പ് പദ്ധതി --ആദായ നികുതിയിനത്തിൽ ₹ 18080-- ഈടാക്കിയിട്ടില്ല.

ഓഡിറ്റ് കാലയളവിൽ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ സപ്ലൈ ചെയ്യുതും പ്രവൃത്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ വ്യക്തമാക്കുന്ന ബോർഡ് തയ്യാറാക്കി നൽകിയതുമായ കരാറുകാരിൽ നിന്ന് 1961 ലെ ആദായനികുതി നിയമം 194 സി വകുപ്പ് പ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. ഓഡിറ്റ് എൻക്വയറി നമ്പറുകൾ യഥാക്രമം 2 തി.22.04.2022, 40/30-4-2022 എന്നിവയ്ക്ക നല്കിയ മറുപടികൾ പ്രകാരം താഴെ പേർ ചേർക്കുന്ന കരാറുകാരിൽ നിന്ന് , ഇവർക്ക് തുക നൽകിയത്
14-5-20 ന ശേഷം ആകയാലും പാൻ കാർഡുള്ള സാഹചര്യത്തിലും. 75% നിരക്കിൽതാഴെ ചേർക്കുന്നതു പ്രകാരം ആദായനികുതി ഈടാക്കേണ്ടതാണ്.

( I ) സാധന സാമഗ്രികൾ സപ്ലൈ ചെയ്തയിനത്തിൽ ഈടാക്കാനുള്ള ആദായനികുതി

| കരാറുകാരൻ : ശ്രീ. ജോൺ എ.എൽ PAN AIGPL4500L | | |
|---|---|---|
| പ്രവൃത്തിയുടെ പേര്/കരാർ നമ്പർ | ചെലവു തുക/ തുക നൽകിയ തിയ്യതി | ആദായനികുതി (0 .75% ) |

| | | |
|---|---|---|
| ചെമ്പംകണ്ടം പ്രദേശത്ത് റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 11/19-20 തി.27-7-19 | 313022-/28-11-2020 | 2348/- |
| കാഞ്ഞാണിതോപ്പ് അംഗൻവാടി റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 10/19-20 തി.27-7-19 | 259954-/28-11-2020 | 1950/- |
| മരോട്ടിച്ചാൽ പ്രദേശത്ത് റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 7/19-20 തി.27-7-19 | 323418-/20-1-2021 | 2426/- |
| കല്ലംകുന്ന് റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 8/19-20 തി.27-7-19 | 267527-28-05-2020 | 2006/- |
| പുത്തൂർ പ്രദേശത്ത റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 9/19-20 തി.27-7-19 | 204549-28-05-2020 | 1534/- |
| ആകെ | | 10264/- |

| കരാറുകാരൻ : ശ്രീ. എല്യാസ് ഒ.യു PAN ATFPA5156R | | |
|---|---|---|
| മരത്താക്കര പ്രദേശത്ത് റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 4/19-20 തി.27-7-2019 | 164034-/20-1-2021 | 1230/- |
| ഗാന്ധി നഗർ റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 5/19-20 തി.27-7-2019 | 311598-/20-1-2021 | 2337/- |
| മാന്ദാമംഗലം പ്രദേശത്ത് റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 6/19-20 തി.27-7-2019 | 305083-/20-1-21 | 2288/- |
| | | 5855- |

( Ii ) വിവിധ നിരക്കിലുള്ള ബോർഡുകൾ തയ്യാറാക്കി സപ്ലൈ ചെയ്യുന്നയിനത്തിൽ ശ്രീ. സലിം വി.കെ കരാറുകാരനിൽ (കരാർ നം. 13A/19-20 തി. 1-11-19 ) നിന്ന് ആദായനികുതി ഈടാക്കാനുള്ളത്

| ബോർഡ് നിരക്ക് | എണ്ണം | തുക/ നൽകിയ തിയ്യതി | ആദായനികുതി |
|---|---|---|---|
| 500 | 10 | 5000-/20-1-21 | 37- |
| 1900 | 91 | 172900-/20-1-21 | 1297- |
| 2200 | 38 | 83600-/20-1-21 | 627- |
| | | | 1961- |

ആദായ നികുതിയിനത്തിൽ താഴെ ചേർക്കുന്നതു പ്രകാരം ₹ 18080- ഈടാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

| സംക്ഷിപ്തം | |
|---|---|
| കരാറുകാരന്റെ പേര് | ആദായനികുതി |
| ശ്രീ. ജോൺ എ.എൽ | 10264/- |
| ശ്രീ. എല്യാസ് ഒ.യു | 5855- |
| ശ്രീ. സലിം വി.കെ | 1961- |
| ആകെ | 18080/- |

## 1-46 റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

( ഓഡിറ്റ് എൻക്വയറി നം. 4തിയ്യതി:22 -4-2022)

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-2014 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്നത് 27-4-2022 ലെ 263/AE/LSGD/PTR/22 പ്രകാരം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഉടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 5 തിയ്യതി 22-4-22 )

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിൽ പാക്ക്ഡ് ബിറ്റുമിൻ വിലയാണ് ചേർത്തിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ കരാറുകാർ ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം അസി.എഞ്ചിനിയർ മേൽപ്രകാരം ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് 238+18% (GST) നിരക്കിൽ ആകെ ₹ 2,15,685-/- ( 182784 + 32901 )

കാലി ബാരലിന്റെ വില ഈടാക്കി ഓരോ പ്രവൃത്തിക്കും ചെലവു വന്ന ശീർഷകങ്ങളിലേക്ക് /GST വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

| കരാറുകാരന്റെ പേര് | ആകെ ബാരലുകൾ | ₹ 238/- നിരക്കിൽ കാലി ബാരലിന്റെവില | GST (18 %) |
|---|---|---|---|
| ശ്രീ. പി.ജി. കണ്ണൻ | 386 | 91868- | 16536- |
| ശ്രീ. ഒ.യു. ഏല്യാസ് | 96 | 22848- | 4113- |
| ശ്രീ. പി.ആർ വിജയകമാർ | 29 | 6902- | 1242- |
| ശ്രീ. എ.എൽ ജോൺ | 64 | 15232- | 2742- |
| ശ്രീ. എ.ജി രാമകൃഷ്ണൻ | 20 | 4760- | 857- |
| ശ്രീ. സേവ്യർ ആന്റു | 42 | 9996- | 1799- |
| ഒല്ലൂക്കര ലേബർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി | 28 | 6664- | 1200- |
| ശ്രീ. കെ.അജയകമാർ | 51 | 12138- | 2185- |
| ശ്രീ. ടി.ആർ ഷിബു | 41 | 9758- | 1756- |
| ശ്രീ. ടി.ടി. ചെറിയാൻ | 11 | 2618- | 471- |
| | 768 | 182784- | 32901- |

## 1-48 പ്രൊജ.നം. 417/20-21 സുജലം-സുഫലം-തോടുകൾ ചിറകൾ കായൽ എന്നിവിടങ്ങളിൽ ചണ്ടിയും ചളിയും യന്ത്രം ഉപയോഗിച്ച് നീക്കം ചെയ്യൽ---ജി.എസ്.ടി ഇനത്തിൽ ₹ 78793- അനാവശ്യ ചെലവ്

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹ 8,00,000- ( തനതു ഫണ്ട് )

ഭരണാനുമതി 1 ( 1 ) തി. 17-3-2020

സാങ്കേതികാനുമതി - 123837 TS 19-20 തി. 2-3-2020 ₹ 8,00,000-

കരാർ നം.-ഇല്ല തി. 30/20-21 LSGD PTR തി. 2-6-2020

കരാറുകാരൻ അനീഷ് സി.എസ്

പി.എ.സി. തുക ₹ 6,57,920/-

വൗ.നം. 115/20തി.28-10-2020 ₹ 7,35,403/-

അളവുപുസ്തകം - 16/20-21

ഓഡിറ്റ് എൻക്വയറി നം. 49തി. 4-05-2022

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 0/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution*") .ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (iii) പ്രകാരം Water Management,Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.പുത്തൂർ കായലിലെ ചണ്ടിയും ചെളിയും നീക്കൽ ചെയ്ത പ്രവൃത്തി ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലും മുൻപ് സൂചിപ്പിച്ച 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (iii) ഉൾപ്പെട്ടതുമായ സേവനമാണ് ഈ സാഹചര്യത്തിൽ കരാറുകാരന് ₹ 78793- ( 6,56,610(പ്രവൃത്തി മൂല്യം) X 12% ) ജി.എസ്.ടിയിനത്തിൽ നല്കിയത് കേന്ദ്ര സർക്കാരിന്റെ മേൽ നിർദ്ദേശത്തിനു വിധേയമായി- തിരികെ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49 പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - മണലിപ്പുഴയിൽ നിന്നും നീക്കം ചെയ്ത മണ്ണ് ലേലം

## ചെയ്തതിലെ അപാകതകൾ

പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തുകൂടെ ഒഴുകുന്ന മണലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായി താഴെ പറയുംപ്രകാരം 2 പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ളതായി കാണുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| 125/21 | ജലരക്ഷ ജീവരക്ഷ പ്രളയാവശിഷ്ടങ്ങൾ നീക്കംചെയ്യൽ | 651876 |
| 126/21 | ജലരക്ഷ ജീവരക്ഷ നീർച്ചാലുകളുടെ പുനരുജ്ജീവനം (പന്ത്രണ്ടിന പരിപാടി) | 484525 |

മേൽ പറഞ്ഞ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 125/21 നമ്പർ പ്രകാരമുള്ള പ്രോജക്ടിൽ അസി.എഞ്ചിനീയറുടെ വാല്യൂവേഷൻ സ്റ്റേറ്റ്മെന്റ് അനുസരിച്ചാണ് തുക നൽകിയിട്ടുള്ളത്. ലഭിച്ച മണ്ണിന്റെ അളവ് സൂചിപ്പിച്ചിട്ടില്ല.

2. ടി പ്രവൃത്തിയിൽ എത്ര എം3 മണ്ണ് നീക്കം ചെയ്തിട്ടുണ്ട് എന്ന വിവരം ഫയലിൽ സൂചിപ്പിച്ചിട്ടില്ല. കരിമ്പൻചിറ, കൈനൂർ ചിറ, പുത്തൻകാട് തോട് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച മണ്ണ് ലേലം ചെയ്യുന്നതിന് 6.7.2020-ലെ 10/1 നമ്പർ തീരുമാനപ്രകാരം ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വലിയ തോട് (വാർഡ് 12), പെരുവാംകുളങ്ങര തോട് (വാർഡ് 22) എന്നിവിങ്ങളിൽ നിന്നും ലഭിച്ച മണ്ണ് ലേലം ചെയ്യുന്നതിന് തീരുമാനിച്ചതോയോ ലേലം നടത്തിയതായോ കാണുന്നില്ല.

3. പ്രോജക്ട് നമ്പർ 126/21 പ്രകാരം മണ്ണാവ് തോട്ടിൽ അടിഞ്ഞുകൂടിയ മണലും മണ്ണും നീക്കം ചെയ്യുന്നതിന് അസി.എഞ്ചിനീയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ മാതാ എർത്ത് മൂവേഴ്സ് & ട്രാൻസ്പോർട്ടിങ്ങ് എന്ന സ്ഥാപനത്തിന് 484525 രൂപ നൽകിയിട്ടുണ്ട്. ടി പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം അസി.എഞ്ചിനീയർ വാല്യൂവേഷൻ എടുത്ത് അതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. അസി.എഞ്ചിനീയറുടെ വാല്യൂവേഷൻ പ്രകാരം ആകെ 3038.62 എം3 മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിച്ച മണ്ണ് 25.5.2020-ലെ ലേലപ്പരസ്യപ്രകാരം രമേഷ്, വെണ്ടൂർ ഹൌസ് എന്നയാൾ 1 യൂണിറ്റിന് 1550 രൂപയ്ക്ക് ലേലം കൊണ്ടതായി കാണുന്നു. എന്നാൽ ലേലനോട്ടീസിൽ മണ്ണിന്റെ അളവ് 3038.62 എം3 -ന് പകരം 800.26 എം3 എന്നാണ് കാണുന്നത്. മണ്ണിന്റെ അളവിൽ ഇത്രയും കുറവ് ഉണ്ടായത് എന്തുകൊണ്ടാണ് എന്ന വിവരം ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 51/04.05.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ലേലം ചെയ്യുന്നതിനുള്ള പ്രളയാവശിഷ്ടത്തിന്റെ വാല്യൂവേഷനും പ്രവൃത്തിയുടെ വാല്യൂവേഷനും പ്രത്യേകമായാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നും ആയതിൽ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ലേലം ചെയ്യാനുള്ളവ ലേലം ചെയ്തിട്ടുള്ളതാണ് എന്നും അറിയിച്ചിട്ടുണ്ട്. ബാക്കി മണ്ണ് തോടിന്റെ വശങ്ങളിൽ നിക്ഷേപിച്ചു എന്നാണ് അറിയിച്ചത്. പ്രോജക്ട് നമ്പർ 125/21 പ്രകാരം പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ എന്ന പ്രോജക്ട് പ്രകാരം ആകെ നീക്കം ചെയ്ത മണ്ണിന്റെ അളവ് എടുത്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പകരം മണലിപ്പുഴ കടന്നുപോകുന്ന ഓരോ വാർഡിലും നടത്തിയ പ്രവൃത്തിക്ക് ചെലവായ തുകയുടെ വാല്യൂവേഷൻ മാത്രമാണ് ഹാജരാക്കിയത്. അതായത് ഇത്ര രൂപയുടെ പ്രവൃത്തി അതാത് വാർഡുകളിൽ നടത്തി എന്ന അസി.എഞ്ചിനീയറുടെ വാല്യൂവേഷനാണ് ഹാജരാക്കിയത്. പ്രളയാവശിഷ്ടങ്ങളുടെ അളവ് എടുത്തെങ്കിൽ മാത്രമേ ലേലം ചെയ്യുമ്പോൾ പഞ്ചായത്തിന് കിട്ടേണ്ട വരുമാനം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകൂ. ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം കൈനൂർ ചിറ (വാർഡ് 1), വലിയ തോട് (വാർഡ് 12), പെരുവാംകുളങ്ങര തോട് (വാർഡ് 22), കരിമ്പൻചിറ (വാർഡ് 16), പുത്തൻകാട് തോട് (വാർഡ് 11), കൽപട തോട് (വാർഡ് 20, 21, 22), മണ്ണാവ് തോട് (വാർഡ് 17, 18) എന്നിവിടങ്ങളിൽ നിന്നും പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്ത പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുകയുടെ വാല്യൂവേഷൻ അസി.എഞ്ചിനീയർ ലഭ്യമാക്കിയത് ഹാജരാക്കിയിട്ടുണ്ട്. ഇതിൽ മണ്ണാവ് തോട്ടിൽ നിന്നും ലഭിച്ച മണ്ണിന്റെ അളവ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ള സ്ഥലങ്ങളിൽ നിന്നും എത്ര മണ്ണ് ലഭിച്ചു എന്നതിന്റെ കണക്കില്ലാത്തതിനാൽ ലേലനടപടികൾ സുതാര്യമാണെന്ന് ഉറപ്പാക്കാനാകില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മേൽപറഞ്ഞ പ്രോജക്ടുകൾ വഴി ലഭിച്ച മണ്ണ് ലേലം ചെയ്ത നടപടിയെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-50 എ ബി സി പ്രോഗ്രാം - കൈപ്പറ്റ് രസീത്, വിനിയോഗ വിവരം എന്നിവ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുംപ്രകാരം നടപ്പാക്കിയ പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ/വിനിയോഗ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവ് | ട്രഷറി ബിൽ/വൌച്ചർ നമ്പർ/തീയതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 215/21 – എ ബി സി പ്രോഗ്രാം(കുടുംബശ്രീക്ക് തുക കൈമാറൽ) | 210000 | 29/20.9.2020 | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കൈമാറിയ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ വിവരം, കരാർ, നായ്ക്കളെ |

| | | | | |
|---|---|---|---|---|
| | | | | പിടിച്ച സ്ഥലം, തീയതി, നായ്ക്കളെ തിരികെ കൊണ്ടുവിട്ട തീയതി, സ്ഥലം, ഇതു സംബന്ധിച്ച വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം എന്നിവ |

മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 52/4.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി മേൽപറഞ്ഞ രേഖകൾ കുടുംബശ്രീ ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 210000 രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം എന്ന പ്രോജക്റ്റ് താഴെ പറയും പ്രകാരം നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 310/21 |
| അടങ്കൽ (എസ്.സി.പി) | 139674 |
| ചെലവ് തുക | 139674 |
| ട്രഷറി ബിൽ നമ്പർ/തീയതി | 3/21.4.2020 |
| വാട്ടർ ടാങ്ക് സപ്ലൈ ചെയ്ത സ്ഥാപനം | സെൽസർ പോളിമേഴ്സ്, മുണ്ടൂർ |
| ഇൻവോയ്സ് നമ്പർ/തീയതി | 8036/SP/19-20 Dt.15.1.2020 |

ഒരു വാട്ടർ ടാങ്കിന് 2793.48 രൂപ പ്രകാരം 500 ലിറ്റർ കപ്പാസിറ്റിയുള്ള 50 ടാങ്കുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ആകെ 139674 രൂപയിൽ 75% തുകയായ 104756 രൂപ മാത്രമേ വികസനഫണ്ടിൽ നിന്നും നൽകാവൂ. ബാക്കി 34918 രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകിയതിനാൽ 34918 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. കൂടാതെ മേൽപറഞ്ഞ പ്രോജക്റ്റിന്റെ ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷ, കൈപ്പറ്റ് രസീത് എന്നിവയും ഓഡിറ്റിൽ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 27/27.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി പിന്നീട് വാങ്ങിയ വാട്ടർ ടാങ്കുകൾക്ക് ഗുണഭോക്തൃവിഹിതം അടവാക്കി എന്നാണ് അറിയിച്ചത്. മറുപടിക്ക് വ്യക്തതയില്ലാത്തതിനാൽ അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയിൽനിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം (തൻ വർഷ ചെലവുകൾ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | അംഗപരിമിതർക്ക് മുച്ചക്രം | 266994 | 33006 |
| | 2020-21 | 300000 | അംഗണവാടി അനുപൂരക പോഷകാഹാരം | 300000 | 0 |
| | 2020-21 | 420000 | ലൈഫ് ഭവനനിർമ്മാണത്തിന് ധനസഹായം | 420000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 500000 | ലൈഫ് ഭവനനിർമ്മാണത്തിന് ധനസഹായം(പട്ടികജാതി) | 500000 | 0 |
| | 2020-21 | 600000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 600000 | 0 |
| | 2020-21 | 400000. | (SO)-ലൈഫ് ഭവനനിർമ്മാണത്തിന് ധനസഹായം-GEN | 400000 | 0 |
| | 2020-21 | 400000 | (SO)-ലൈഫ് ഭവനനിർമ്മാണത്തിന് ധനസഹായം-SCP | 400000 | 0 |
| | 2018-19 | 272115 | 11-ാം വാർഡ് 105-ാം നമ്പർ അംഗണവാടി നിർമ്മാണം | 272115 | 0 |
| | 2018-19 | 1000000 | ചെറുകുന്ന് സ്കൂളിൽ കളിസ്ഥല നിർമ്മാണം | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 126349 | സമഗ്ര നെൽക്കൃഷി വികസനം | 126349 | 0 |
| | 2020-21 | 238986 | 22/20-പാലിയേറ്റീവ് പരിചരണം | 238986 | 0 |
| | 2020-21 | 347600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 347600 | 0 |
| | 2020-21 | 455753 | 39/20-അംഗണവാടി അനുപൂരക പോഷകാഹാര പദ്ധതി | 455753 | 0 |
| | 2020-21 | 400000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| | 2020-21 | 251391 | ജലരക്ഷ ജീവരക്ഷ-പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ | 251391 | 0 |
| | 2020-21 | 484525 | ജലരക്ഷ ജീവരക്ഷ-നീർച്ചാലുകളുടെ പുനരുജ്ജീവനം(പന്ത്രണ്ടിന പരിപാടി) | 484525 | 0 |
| | 2020-21 | 800000 | ലൈഫ് ഭവനനിർമ്മാണത്തിന് ധനസഹായം | 800000 | 0 |
| | | 440000 | ലൈഫ് ഭവനനിർമ്മാണത്തിന് ധനസഹായം(പട്ടികജാതി) | 440000 | 0 |
| | 2020-21 | 422961 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ | 422961 | 0 |
| | 2020-21 | 593044 | സ്ട്രീറ്റ് ലൈറ്റ് വലിക്കൽ | 593044 | 0 |

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (തൻ വർഷ ചെലവുകൾ)

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 11/21-സ്ട്രീറ്റ് ലൈൻ വലിക്കൽ | ലഭ്യമല്ല | 1448419 | 255470 |

| | | | | |
|---|---|---|---|---|
| | 13/21- റോഡുകളിൽ ഗതാഗതം സൃഷ്ടിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | ലഭ്യമല്ല | 366390 | 295713 |
| | 293/21-റോഡുകളിൽ ഗതാഗതം സൃഷ്ടിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | ലഭ്യമല്ല | 244015 | 244015 |
| | 313/21-സ്ട്രീറ്റ് ലൈൻ വലിക്കൽ | ലഭ്യമല്ല | 822866 | 822866 |
| ഭൂജലവകുപ്പ് | 314/21-ചോച്ചേരിക്കുന്ന് കുടിവെള്ള പദ്ധതി(ബാക്കി തുക നൽകൽ) | ലഭ്യമല്ല | 110000 | 0 |
| | 315/21- മരുതുകുഴി കുടിവെള്ള പദ്ധതി(ബാക്കി തുക നൽകൽ) | ലഭ്യമല്ല | 440000 | 917429 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ലോൺ | | 13066170 | 6116170 | 1170274 | 0 | 11895896 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 39 | 2009-10 | 3.4.1 | ഗുണഭോക്തൃ പദ്ധതികൾ കുടുംബശ്രീയെ ഏൽപ്പിച്ച് പണം നൽകി | പണം സർക്കാർ ഫണ്ടിലേക്ക അടവാക്കി പരിഹരിച്ചു. |
| 2014-15 | 2.1 | 2016-17 | 2.1 | വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നുണ്ട് |
| 2014-15 | 3-3 | 2016-17 | 2.5 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | തുകകൾ അടവാക്കി പരിഹരിച്ചു |
| 2002-03 | | 2004-05 | 3.8.1.4.2 | അഡ്വാൻസ് നൽകി,പദ്ധതി | ആർ ആർ നടപടികളിലൂടെ |

| | | | | | |
|---|---|---|---|---|---|
| | | | | പൂർത്തീകരിച്ചിട്ടില്ല. | തുക തിരിച്ചടവാക്കി. |
| 2002-03 | 3.2 | 2008-09 | 3.5.8 | ഭവന നിർമ്മാണ ധനസഹായം നൽകിയതിലെ അപാകത | ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകിയിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 147142233/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 170541472/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34918 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2725000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 34918 | ശ്രീ സുബ്രമണ്യൻ ആർ, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 104756 | ശ്രീ സുബ്രമണ്യൻ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-35 | 169396 | ശ്രീമതി രമണി കെ വി, ഹെഡ്മിസ്ട്രസ്സ് |
| 1-36 | 284040 | ശ്രീമതി മേരി സണ്ണി,ഹെഡ്മിസ്ട്രസ്സ് |
| 1-37 | 56808 | ശ്രീമതി മേരി സണ്ണി,ഹെഡ്മിസ്ട്രസ്സ് |
| 1-38 | 1600000 | ശ്രീമതി മേരി സണ്ണി,ഹെഡ്മിസ്ട്രസ്സ് |
| 1-42 | 3,00,000 | ശ്രീ സുബ്രമണ്യൻ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-50 | 2,10,000 | ശ്രീമതി രമാദേവി.പി, സെക്രട്ടറി |
| ആകെ | 2725000 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സുബ്രമണ്യൻ ആർ, അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | കുന്നത്ത് പുത്തൻവീട്ടിൽ,ആളൂർ,മറ്റം പി ഒ |
| ശ്രീമതി രമണി കെ വി, ഹെഡ്മിസ്ട്രസ്സ് | വിരമിച്ചു | വടക്കേപുരയ്ക്കൽ വീട്,നടത്തറ പി ഒ |
| ശ്രീമതി മേരി സണ്ണി,ഹെഡ്മിസ്ട്രസ്സ് | | കുര്യൻപറമ്പിൽ വീട്, പാലോക്കാരൻ അവന്യൂ,നടത്തറ പി ഒ |
| ശ്രീമതി രമാദേവി.പി, | സെക്രട്ടറി,ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | ഈച്ചരത്ത് വീട്, മണ്ണുത്തി (പി ഓ) 680 651 |

| | | |
|---|---|---|
| സെക്രട്ടറി | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83, 84-85 മുതൽ 93-94 വരെ | എൽ.എഫ്.ടി(എസ്.2)- 1640/11/ തീയതി 28.10.11/ 06.12.11 | |
| 1994-95, 95-96 | എൽ.എഫ്.ടി.(എസ്.2) - 1640/11/ തീയതി 28.10.11/ 06.12.11 | |
| 1996-97 | എൽ.എഫ്.ടി.(എസ് 11) 241/04 തീയതി 10.08.04 | |
| 1997-98 | എൽ.എഫ്.ടി.(എസ് 11) 1316/98 തീയതി 05.02.99 | |
| 1998-99 | എൽ.എഫ്.ടി.(എസ് 11) 1570/00 തീയതി 05.03.11 | |
| 1999-2000, 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.(എസ് 11) 1244/03 തീയതി 21.08.04 | |
| 1999-2000 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1251/04 തീയതി 18.05.05 | |
| 2000-01 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1536/07 തീയതി 07.11.08 | |
| 2001-02 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 2362/07 തീയതി 07.11.08 | |
| 2002-03 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 2363/07 തീയതി 07.11.08 | |
| 2003-04 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1686/07 തീയതി 07.11.08 | |
| 2004-05 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 32/09 തീയതി 21.06.10 | |
| 2005-06 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1388/09 തീയതി 02.07.10 | |
| 2006-07 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1389/09 തീയതി 02.07.10 | |
| 2007-08 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 921/10 തീയതി 23.03.11 | |
| 2008-09 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 922/10 തീയതി 23.03.11 | |
| 2009-10 | എൽ.എഫ്.ടി.(പി 4)1101/12 തീയതി 22.11.12 | |
| 2010-11 | എൽ.എഫ്.ടി.(പി 4)1096/12 തീയതി 21.11.12/13.03.13 | |
| 2011-12 | എൽ.എഫ്.ടി.(പി 4)1116/13 തീയതി 04.12.13 | |
| 2012-13 | എൽ.എഫ്.ടി.(പി 8)1035/14 തീയതി 14.11.14/07.01.15 | |
| 2013-14 | എൽ.എഫ്.ടി.(പി 8)193/15 തീയതി 03.08.15/02.06.15 | |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി8)<br>1418/15 തീയതി 07.11.15/ 07.12.15 | |
| `2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8)<br>2203/16 തീയതി :<br>20-01-2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8)<br>1297/17 തീയതി :<br>07-08-2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി8)<br>709/19 തീയതി :22.05.2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി8)<br>196/2020, തിയ്യതി:27.4.2020/5.5.2020 | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി 11)<br>679/2022, തിയ്യതി:05-07-2022. | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പൂത്തൃക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പൂത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്